For Private Circulation Only

October 2017

# ആശമസദൂതൻ

HOLY BIBLE

Vol.64

" യഹോവ ദൈവമായിരിക്കുന്ന ജാതിയും അവൻ തനിക്കു അവകാശമായി തിരഞ്ഞെടുത്ത ജനവും ഭാഗ്യമുള്ളത് " (സങ്കീ. 33:12)

No.10

## അമേരിക്കയെ ദൈവത്തിങ്കലേയ്ക്ക് മടക്കി കൊണ്ടുവരുവാനുള്ള ഏക പ്രത്യാശ

By Del Fehsenfeld.jr

അമേരിക്കയുടെ വിശാലമായ സമ്പത്ഘടനയോ വലിയ ബുദ്ധിശക്തിയോ തനയതായ ഇഛാശക്തിയോ അല്ല അതിനെ ഉയർത്തിയത്. പിന്നെയോ ദൈവമാണ് അമേരിക്കയെ ഉയർത്തിയത്. വേദപുസ്തകം പറയുന്നത്, "നീതി ഒരു ജാതിയെ ഉയർത്തുന്നു; യഹോവ ദൈവമായിരിക്കുന്ന ജാതിയും അവൻ തനിക്കു അവകാശമായി തിരഞ്ഞെടുത്ത ജനവും ഭാഗ്യമുള്ളത് (സദൃ. 14:34, സങ്കീ. 33:12). 1ശമു. 2:30–ൽ ദൈവം പറയുന്നത് " എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും".

അമേരിക്ക ദൈവത്തെ മാനിച്ചു, ദൈവം അമേരിക്കയേയും മാനിച്ചു. ദൈവം അതിന്റെ നിലവാരത്തെ ഉയർത്തി. സർവ്വശക്തനായ ദൈവത്തിൽ ആശ്രയിച്ച ചില ദൈവഭക്തന്മാരാൽ രാജ്യം അനുഗ്രഹിക്കപ്പെട്ടു. സഭയിലെ ഇന്ന് അറിയപ്പെടുന്ന പല വിശ്വാസികളെക്കാളും ആദ്യപിതാക്കന്മാരായ ദൈവഭക്തർ ദൈവത്തിനും, ദൈവവചനത്തിനും വേണ്ടി, നഷ്ടപ്പെട്ട പാപികളെ സ്നേഹിക്കുവാനിടയായി. ദൈവത്തിന്റെ സഹായമില്ലാതെ അവർക്കോ അവരുടെ രാജ്യത്തിനോ ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല എന്ന് അവർ അറിഞ്ഞിരുന്നു.

ഈ തലമുറയിൽ നാം നേരിടുന്ന നമ്മെ കുഴയ്ക്കുന്ന പ്രശ്നങ്ങളെ നേരിടുവാൻ നാം മെച്ചമായ പദ്ധതികളെ ആസൂത്രണം ചെയ്യുന്നു, എന്നാൽ ദൈവം അന്വേഷിക്കുന്നത് ചില ആളുകളെയാണ് തങ്ങൾ വിശ്വസിച്ച വിശ്വാസത്തിനുവേണ്ടി എന്തും ഏതുമായിത്തീരുവാൻ സമർപ്പണമുള്ള കുറെ ആളുകൾ. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ അവർക്ക് കഷ്ടങ്ങളും നഷ്ടങ്ങളും നേരിട്ടു. അവർ തങ്ങളുടെ തലമുറയിൽ മറ്റുള്ളവരാൽ ബഹുമാനിക്കപ്പെടുന്നവരും വിദ്യാസമ്പന്നരും യോഗ്യന്മാരും ആയിരുന്നു. പരസ്പരം ആഴമായ ഒരു ബന്ധം അവർ തമ്മിലുണ്ടായിരുന്നു, അവരുടെ സമ്പത്തിന്റെ വിനിയോഗവും രാജ്യത്തോടുള്ള ബഹുമാനവും അവരുടെ ത്യാഗപരമായ ജീവിതവും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പരീക്ഷണങ്ങളും പരിശ്രമങ്ങളും അമേരിക്കയുടെ യശസ്സ് ഉയർത്തി.

ഈ ആളുകൾ തങ്ങളുടെ വിശ്വാസത്തെക്കുറിച്ച് ദൃഢബോദ്ധ്യമുള്ളവരായിരുന്നു. അതിന് കൊടുക്കേണ്ട വിലയും അവർക്ക് ബോദ്ധ്യമുണ്ടായിരുന്നു. പ്രതിസന്ധികളുടെയും പരിശോധനകളുടേയും നടുവിൽ ഉറച്ചു നിൽക്കുവാൻ തക്കവണ്ണം സ്വഭാവദൃഢതയുള്ളവരായിരുന്നു. സൃഷ്ടിപരമായ ജ്ഞാനം അവർക്കുണ്ടായിരുന്നു. തോന്നലുകൾക്കനുസരിച്ച് മാറിക്കൊണ്ടിരിക്കുന്ന തലമുറയുടെ ജനാധിപത്യപരമായ ചിന്താഗതികളില്ല, പ്രത്യുത, മാറ്റമില്ലാത്ത ദൈവത്തിനും ദൈവവചനത്തിലും അടിസ്ഥാനപ്പെട്ട പദ്ധതികളായിരുന്നു അവരുടേത്.

അവർ ആഴമായ സമർപ്പണമുള്ളവരായിരുന്നു. അവർ ദൈവത്തിനും അവിടുത്തെ അധികാരത്തിനും ദൈവവചനത്തിന്റെ തത്വങ്ങൾക്കും സമർപ്പിക്കപ്പെട്ടവരായിരുന്നു. ധാർമ്മികമൂല്യങ്ങളെ അവർ മുറുകെ പിടിച്ചിരുന്നു. 160 വർഷങ്ങളിലെ ചരിത്രത്തിൽ രാജ്യത്തിന്റെ നിയമങ്ങൾ മിക്കവാറും ദൈവവചനത്തിലടിസ്ഥാനപ്പെട്ടതായിരുന്നു.

ഇന്നത്തെ തലമുറ സന്തോഷം അനുഭവിപ്പാൻ തക്കവണ്ണം അവരുടെ സമർപ്പണവും, സൃഷ്ടിപരമായ ജ്ഞാനവും, സ്വഭാവശുദ്ധിയും നിശ്ചയദാർഢ്യവും സ്വന്ത രക്തം പോലും ഊറ്റിക്കൊടുക്കുവാൻ കാരണമായി. അവർ ദൈവത്തെ മാനിച്ച കാരണത്താൽ ദൈവം അവരെയും മാനിച്ചു. ഇന്നത്തെ തലമുറയും അതിന്റെ നന്മകൾ കൊയ്തുകൊണ്ടിരിക്കുന്നു. കേവലം 200 വർഷങ്ങൾക്കകത്ത് അമേരിക്ക അതിന്റെ കുട്ടിത്തം വിട്ട് എല്ലാ തലങ്ങളിലും നേതൃത്വം വഹിക്കാനുള്ള കഴിവ് നേടിയിരിക്കുന്നു. സാങ്കേതിക വിദ്യയിൽ, വ്യവസായിക മണ്ഡലങ്ങളിൽ, വൈദ്യരംഗത്ത്, കാർഷിക മണ്ഡലങ്ങളിൽ ബഹിരാകാശത്ത്, വാണിജ്യരംഗത്ത്, ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ എന്നുവേണ്ട, എല്ലാ മണ്ഡലങ്ങളിലും ആധിപത്യം നേടിയിരിക്കുന്നു. എന്നാൽ ദൈവത്തെ കൂടാതെയുള്ള എല്ലാ പ്രയത്നങ്ങളും വ്യർത്ഥമത്രേ.

**എന്നാൽ മുഴങ്ങുന്ന മണിനാദത്തിനൊരുകാരണം**

കഴിഞ്ഞ കാലനന്മകളുടെ മഹത്വത്തിൽ നാം സന്തോഷിക്കുമ്പോൾ, ഈ ദൈവത്താൽ ദൈവചനത്താൽ ദൈവത്തിന്റെ വാഗ്ദത്തപ്രകാരം അമേരിക്ക അനുഗ്രഹിക്കപ്പെട്ടിരിക്കുമ്പോൾ, ദൈവം ചെയ്ത ഉപകാരങ്ങൾക്ക് സാക്ഷ്യം വഹിക്കണം എന്ന് ദൈവം ആഗ്രഹിക്കുമ്പോൾ ഇപ്പോഴും നാം അനുതപിക്കുന്നില്ല എങ്കിൽ ദൈവത്തിന്റെ ന്യായവിധിയ്ക്ക് ഇരയായി തീരും.

അമേരിക്കയുടെ പാരമ്പര്യം എന്നത്, ദൈവത്തെ കൂടാതെ നമുക്ക് മുന്നോട്ടു പോകാൻ സാദ്ധ്യമല്ല എന്നതാണ്. കഴിഞ്ഞ ചില പതിറ്റാണ്ടുകളിൽ നാം പരിശ്രമിച്ചു. കാറ്റു വിതെച്ചു കൊടുങ്കാറ്റ് കൊയ്തുകൊണ്ടിരിക്കുന്നു. 1960-കളിൽ അമേരിക്ക ഹീനമായ പാപങ്ങളെ പ്രോത്സാഹിപ്പിച്ചു. 70കളിൽ അതു

(ശേഷം 5-ാംപേജിൽ)

# ശക്തമായ പ്രാർത്ഥന

By Anne Graham Lotz

പിതാവേ, ഹൃദയപൂർവ്വം ഞങ്ങൾ അവിടുത്തെ മുമ്പാകെ തലവണക്കുന്നു. കർത്താവായ ദൈവമേ സ്വർഗ്ഗം ഞങ്ങൾക്കുവേണ്ടി ചലിക്കേണ്ടതിനായി ഞങ്ങൾ അനുതാപത്തോടെ താഴ്മയോടെ വിനയത്തോടെ അവിടുത്തെ മുഖം അന്വേഷിച്ച് പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഞങ്ങളോട് ക്ഷമിച്ച് ഞങ്ങളുടെ രാജ്യത്തെ രക്ഷിക്കേണമേ. കർത്താവേ അവിടുത്തെ സമാധാനം ഞങ്ങൾക്കാവശ്യം, ഞങ്ങളെ അനുഗ്രഹിക്കേണമേ, ദൈവമേ അവിടുത്തെ സാന്നിദ്ധ്യം ഈ കെട്ടിടത്തിൽ വ്യാപരിച്ച് ഞങ്ങളുടെ ആലയം നിറഞ്ഞ് ഞങ്ങളുടെ രാജ്യത്തുടനീളം വ്യാപരിക്കേണ്ടതിന് കൃപ ചെയ്യേണമേ. അങ്ങയുടെ നാമം മഹത്വപ്പെടേണ്ടതിന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയുടെ വചനത്തിലൂടെ ഞങ്ങളോട് സംസാരിക്കണമേ. യേശുവിൻ നാമത്തിൽ ഞങ്ങൾ പ്രാർത്ഥിക്കുന്നു, കേൾക്കുമാറാകേണമേ, ആമേൻ.

നമ്മുടെ രാജ്യം പ്രശ്നങ്ങളിലാണ്. ഞാൻ വിശ്വസിക്കുന്നു, അസന്തുലിതാവസ്ഥ, പ്രശ്നങ്ങൾ, കോപം ശത്രുത എല്ലാം തന്നെ കാണിക്കുന്നത് ദൈവം നമ്മെ വിട്ടു പോയിരിക്കുന്നു എന്നതാണ്. അവിടുന്ന് ആവർത്തിച്ച് ആവർത്തിച്ച് നമ്മോടു താക്കീത് ചെയ്തത്, നാം ദൈവത്തെ ഉപേക്ഷിച്ചാൽ ദൈവം നമ്മെയും ഉപേക്ഷിക്കും എന്നാണ്. ഞാൻ വിശ്വസിക്കുന്നത് ആത്മികമായി ഒരു വരൾച്ചയിലൂടെ നാം പൊയ്ക്കൊണ്ടിരിക്കുന്നു. "ദൈവത്തിന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന തന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് ദൈവമുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ട് തിരിയും എങ്കിൽ നമ്മുടെ രാജ്യത്തെ ശരിയായ പാതയിലേക്ക് കൊണ്ടു വരുവാനുള്ള ശരിയായ വഴി അതാണ്".

ദൈവജനം ഹൃദയാംഗമായി പ്രാർത്ഥിച്ച് തുടങ്ങുമ്പോൾ ദൈവം തന്റെ പ്രവൃത്തി ചെയ്യും. ഞാൻ പ്രാർത്ഥനയിൽ കുറവുള്ളവനാണെങ്കിലും ദൈവം ക്ഷമിച്ച് വിശാലമായ വഴി തുറക്കുന്നു. ദാനിയേൽ 9-ാം അദ്ധ്യായപ്രകാരം ദൈവം ഒരു പാഠം എന്നെ പഠിപ്പിച്ചു. ദാനിയേൽ തന്റെ രാജ്യത്തിനുവേണ്ടി പ്രാർത്ഥിച്ചു. ദാനിയേലിന്റെ പ്രാർത്ഥന നമ്മുടെ ജീവിതത്തിലും മാതൃകയാക്കി നമ്മുടെ രാജ്യത്തിനു വേണ്ടി പ്രാർത്ഥിക്കാം.

**പ്രാർത്ഥനയായി നിർബ്ബന്ധിച്ചു**

ദാനിയേൽ യരുശലേമിൽ ജനിച്ചു വളർന്നു. താൻ ഒരു യുവാവായിരുന്നപ്പോൾ ദൈവത്തിന്റെ കല്പനപ്രകാരം ബാബിലോന്യർ യരുശലേമിലേക്ക് വന്നു. രണ്ട് രാജാക്കന്മാരുടെ പുസ്തകപ്രകാരം യരുശലേമിന്റെ മത്സരവും വിഗ്രഹാരാധനയും, അനുസരണക്കേടും നിമിത്തം അതിനെ ന്യായംവിധിക്കേണ്ടതിന് നെബുഖദ്നേസറിനേയും ബാബിലോന്യരെയും യെരുശലേമിലേക്ക് അയച്ചു. ആദ്യ ആക്രമണത്തിൽ പിടിക്കപ്പെട്ട 200 യുവാക്കളെ നെബുഖദ്നേസർ ബാബിലോണിലേക്ക് കൊണ്ടുപോയി. ആ കൂട്ടത്തിൽ ദാനിയേലുണ്ടായിരുന്നു. 67 വർഷത്തിനുശേഷം ദാനിയേൽ പ്രാർത്ഥിച്ച പ്രാർത്ഥനയാണ് ദാനിയേൽ 9-ാം അദ്ധ്യായം. യിരെമ്യാപ്രവചനം വായിച്ചതിന്റെ പശ്ചാ

(ശേഷം 3-ാം പേജിൽ)

***കർത്താവിൽ പ്രിയരേ,***

*യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം. " ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ടു എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" (യോഹ.16:33)*

*2017-ാം വർഷത്തിന്റെ സെപ്റ്റംബർ മാസം നമ്മെ വിട്ട് കടന്നുപോയി. ഒക്ടോബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.*

*ലോകത്തിൽ ജീവിക്കുന്ന എല്ലാവർക്കും കഷ്ടതകളും വേദനകളും നേരിടേണ്ടിവരും. പ്രത്യേകിച്ച് ദൈവഭയത്തോടുകൂടെ ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ വലിയ കഷ്ടത അനുഭവിക്കുന്നു എന്നു നാം വ്യക്തമായി കാണുന്നു. ക്രിസ്തു നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു. നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.*

*നമുക്ക് ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കുവാൻ കഴിയുന്നുവെങ്കിൽ നാം അനുഗ്രഹീതരാണ്. കഷ്ടത അനുഭവിക്കുന്ന ദൈവത്തിന്റെ മക്കളെ അവരുടെ കഷ്ടതകളിൽ നിന്നും വിടുവിച്ച് സന്തോഷപ്രദമായ ഒരു ജീവിതം നൽകി. അവരെ അനുഗ്രഹിക്കും. നാം ഈ ലോകം വിടുമ്പോൾ ഒന്നും കൊണ്ടു പോകാൻ സാധിക്കയുമില്ല. എന്തെല്ലാം കഷ്ടതകളും ശോധനകളും പീഢകളും നമ്മെ അലയടിച്ചാലും നമ്മുടെ മനസ്സ് ദിവ്യ ധൈര്യത്താൽ നിറയപ്പെടുകയും എല്ലാ സാഹചര്യങ്ങളെയും നിങ്ങൾ ശാന്തമായി നേരിടുകയും ചെയ്യുക. അതിന് ദൈവം നിങ്ങൾക്ക് കൃപ നൽകട്ടെ.*

*മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ* **IFSC code SBIN 0070028 A/c. No. *67342839891*** *സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തിരുവനന്തപുരം എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

*എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.*

*മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴിയെ അറിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.*

*എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,*

*ബിന്ദു*


# ആഗമനദൂതൻ



ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
**E-mail:bindhum1971@yahoo.in**
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

3-ാം പേജിന്റെ തുടർച്ച

**(ശക്തമായ പ്രാർത്ഥന )**

ത്തലത്തിലാണ് ദാനിയേൽ പ്രാർത്ഥിക്കുന്നത്. അവിടെ താൻ ഗ്രഹിച്ചത് 70 ആണ്ടുകൾ കഴിയുമ്പോൾ ദൈവം യിസ്രായേലിനെ അടിമത്വത്തിൽ നിന്ന് മടക്കി കൊണ്ടുവരും. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, ബാബേലിലെ 70 സംവത്സരം കഴിഞ്ഞശേഷമേ ഞാൻ നിങ്ങളെ സന്ദർശിച്ച് ഈ സ്ഥലത്തേയ്ക്കു മടക്കി വരുത്തുമെന്ന് നിങ്ങളോടുള്ള എന്റെ വചനം നിവർത്തിക്കുകയുള്ളൂ. “നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്ന് ഞാൻ അറിയുന്നു. അവ തിന്മയ്ക്കല്ല നന്മയ്ക്കത്രേ നിരൂപണങ്ങൾ എന്ന് യഹോവയുടെ അരുളപ്പാട്”. നിങ്ങൾ എന്നോട് അപേക്ഷിച്ചു. എന്റെ സന്നിധിയിൽ വന്നു പ്രാർത്ഥിക്കയും ഞാൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കയും ചെയ്യും. നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണ ഹൃദയത്തോടെ എന്നെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും” (യിരെ. 29:10-13). ദാനിയേൽ ഈ വേദഭാഗം വായിച്ച് ഗ്രഹിച്ചത്, മൂന്നു വർഷങ്ങൾ കൂടെ പ്രാർത്ഥിച്ചാൽ പൂർണ്ണ ഹൃദയത്തോടെ അന്വേഷിച്ചാൽ ദൈവം തന്റെ വാഗ്ദത്തം നിവർത്തിച്ച് രാജ്യത്തെ രക്ഷിക്കും.

അങ്ങനെ ദാനിയേൽ ഒരു പ്രാർത്ഥന പ്രാർത്ഥിച്ചു. അത് നൈമിഷികമായ ഒരു വികാരം ആയിരുന്നില്ല. അത് തന്റെ ചിന്തയുടെ മുന്നിൽ വെളിച്ചം ആയിരുന്നില്ല, എന്നാൽ അത് തകർന്ന ഒരു ഹൃദയമായിരുന്നു. കഠിനവേദനയിൽ മുങ്ങിയുള്ള ഒരു പ്രാർത്ഥന എന്നാണ് ഡേവിഡ് വിൽക്കേഴ്സൻ അതിനെക്കുറിച്ച് പറയുന്നത്. താൻ ആയിരിക്കുന്ന തന്റെ രാജ്യത്തിന്റെ പ്രശ്നത്തിന്റെ വാഗ്ദത്തങ്ങളെ ഓർത്ത് കരഞ്ഞ് വേദനയോടെ വിടുതലിനായി പ്രാർത്ഥിക്കുകയാണ്. തന്റെ രാജ്യം ദൈവത്തിൽ നിന്നും അന്യപ്പെട്ടു പോയിരിക്കുന്നു. നെബുഖദ്നേസറിന്റെ മൂന്നാമത്തെ യരുശലേം ആക്രമണത്തിന്ശേഷം, ദാനിയേൽ അടിമത്വത്തിലേക്ക് പോയതിന്റെ 20 വർഷം കഴിഞ്ഞപ്പോൾ നെബുഖദ്നേസർ പട്ടണത്തിന്റെ ചുവരുകൾ ഇടിച്ചുകളഞ്ഞു, ആലയം നശിപ്പിച്ചു, നഗരം തീവെച്ചു ചുട്ടുകളഞ്ഞു. യരുശലേമും ആലയവും പൂർണ്ണമായി നശിപ്പിക്കപ്പെട്ടു. അതുകൊണ്ട് ദാനിയേൽ, തന്റെ 67 വർഷത്തിന്റെ അടിമത്വത്തിന് ശേഷം ഹൃദയം തകർന്ന് കഠിനവേദനയോടെ പ്രാർത്ഥിക്കുന്നത്, ദൈവമേ, അവിടുത്തെ വാഗ്ദത്തം 70 വർഷങ്ങൾക്കു ശേഷം ഞങ്ങളെ അടിമത്വത്തിൽ നിന്നും വിടുവിച്ച് യരുശലേമിന്റെ പുനർനിർമ്മാണത്തിനുവേണ്ടി മടക്കിക്കൊണ്ടുപോകും. തന്റെ രാജ്യത്തിന്റെ പ്രശ്നങ്ങളെ ദൈവത്തിന്റെ വാഗ്ദത്തവുമായി ചേർത്ത് ദാനിയേൽ പ്രാർത്ഥിക്കുന്നു.

ഞാൻ വിശ്വസിക്കുന്നത്, അവിടെ യഥാർത്ഥ പ്രാർത്ഥന ആരംഭിക്കുന്നു. നിർബ്ബന്ധത്തോടെ ആരംഭിക്കുന്നു. നാം ലോകത്തെ നോക്കുമ്പോൾ അതിന്റെ പ്രശ്നങ്ങളെ വിലയിരുത്തുമ്പോൾ കോപം, ഭിന്നത, മുൻവിധി, കൊതി മുതലായവ നാം കാണുമ്പോൾ അതിനെ വൈവവചനവുമായി ചേർത്ത് ചിന്തിക്കേണ്ടതാണ്. “എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെതന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയും എങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും” (2ദിന. 7:14). ഈ വാക്യത്തിൽ വിരലമർത്തി ചോദിക്കാം. ഇത് സത്യമോ? എങ്കിൽ അത് ചെയ്യാൻ എളുപ്പമാണ്. ദൈവം എന്നെയും നിങ്ങളെയും നോക്കുന്നു, നാം നമ്മുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയും എങ്കിൽ – അനുതപിച്ച് തിരിയും എങ്കിൽ കർത്താവു പറയുന്നു, “ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും”. അങ്ങനെ ദാനിയേൽ ദൈവവചനത്തെ മുറുകെപിടിക്കുന്നു.

ഇവിടെ ദാനിയേൽ തന്റെ ആവശ്യം പറഞ്ഞ് തന്റെ പ്രത്യാശ പറഞ്ഞു, തന്റെ ചിന്തയെ പറഞ്ഞ് ദൈവത്തിന്റെ വാഗ്ദത്തത്തിൽ ആശ്രയിച്ച് പ്രാർത്ഥിക്കുന്നു.

(ശേഷം 4-ാം പേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

3-ാം പേജിന്റെ തുടർച്ച

**(ശക്തമായ പ്രാർത്ഥന )**

"ദൈവമേ, നിന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ചു നിന്റെ മുഖം അന്വേഷിച്ച് ദുർമാർഗ്ഗങ്ങളെ വിട്ടു തിരിഞ്ഞാൽ.... ദൈവമേ നീ അങ്ങനെ പറഞ്ഞു. " നാം ദൈവത്തിന്റെ വചനം മുറുകെപ്പിടിച്ച് ദൈവത്തിങ്കലേയ്ക്ക് തിരിഞ്ഞ് പ്രാർത്ഥിക്കണം. അത് ദൈവം തള്ളിക്കളകയില്ല. വചനം ദൈവത്തിന്റേതാണ്. നമ്മുടെ രാജ്യത്തിന്റെ പ്രശ്നം നാം കാണുന്നു. ദൈവത്തിങ്കലേയ്ക്ക് തിരിഞ്ഞ് പ്രാർത്ഥിക്കുന്നു. ശക്തമായ പ്രാർത്ഥനയുടെ ഒന്നാമത്തെ താക്കോൽ നിർബ്ബന്ധിച്ച് പ്രാർത്ഥിക്ക എന്നതാണ്.

**പ്രാർത്ഥനയിൽ കേന്ദ്രീകരിച്ചിരിക്കുന്നു.**

ദാനിയേൽ പറഞ്ഞത്; "അപ്പോൾ ഞാൻ ഉപവസിച്ചും രട്ടുടുത്തും വെണ്ണീറിൽ ഇരുന്നും കൊണ്ട് പ്രാർത്ഥനയോടും യാചനകളോടും കൂടെ അപേക്ഷിക്കേണ്ടതിന് ദൈവമായ കർത്താവിങ്കേലേയ്ക്ക് മുഖം തിരിച്ചു" (ദാനി. 9:3). ദൈവത്തിലേയ്ക്ക് തിരിഞ്ഞ് പ്രാർത്ഥിക്കുന്നു. ഉപവാസം എന്നത് ഭക്ഷണം വെടിഞ്ഞിരിക്കുന്ന അവസ്ഥ മാത്രമല്ല. ദൈവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിൽ നിന്നും പിന്നോട്ടു വലിക്കുന്ന എല്ലാറ്റിനേയും ഉപേക്ഷിച്ച് മുഴു ശ്രദ്ധയും ദൈവത്തിൽ കേന്ദ്രീകരിക്കുന്നതാണ് ഉപവാസം. രട്ടും വെണ്ണീറും, താഴ്മയെ കാണിക്കുന്നു. ദൈവമേ, അങ്ങയെ ഞങ്ങൾക്കു ആവശ്യമുണ്ട്; നീ ഞങ്ങളെ സഹായിക്കുന്നില്ലെങ്കിൽ ഞങ്ങൾക്കു സഹായമില്ല. അവിടുത്തെ മക്കളായ ഞങ്ങളുടെമേൽ അവിടുന്ന് ഉണർവ്വ് അയ്ക്കുന്നില്ലാ എങ്കിൽ ഞങ്ങൾക്ക് ഉണർവ്വില്ല. ഞങ്ങളുടെ രാജ്യത്തിന് ഇനി ഒരു പ്രത്യാശയുമില്ല. ന്യായവിധി ഞങ്ങളുടെ മേൽ വരുമ്പോഴും ഞങ്ങൾക്ക് പ്രത്യാശിക്കുവാൻ അവിടുന്ന് മാത്രം.

ദാനിയേൽ പ്രാർത്ഥയിൽ കേന്ദ്രീകരിച്ചു ഉന്നതവും ശ്രേഷ്ഠവുമായ ഭാഷയിൽ ദാനിയേൽ പ്രാർത്ഥിച്ചു എന്നർത്ഥമില്ല. താഴ്മയുള്ളവനായി വിനയത്തോടെ ശുദ്ധമനഃസാക്ഷിയോടെ, ആവശ്യബോധത്തോടെ,. ഏകാന്തമായി ദൈവത്തോട് അന്വേഷിച്ചു. നിങ്ങൾ എങ്ങനെ പ്രാർത്ഥനയിൽ അടുത്തു ചെല്ലുന്നു? വിശ്വാസത്തോടെയാണോ അടുത്തുചെല്ലുന്നത്? ദാനിയേലിന്റെ പ്രാർത്ഥനാ ആവശ്യങ്ങൾ ഏകനായി ദൈവത്തോടു പറഞ്ഞു. ദൈവത്തോടു കരഞ്ഞു. ഇങ്ങനെയൊരു പ്രാർത്ഥന നിങ്ങളുടെ ജീവിതത്തിലൂണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് എപ്പോഴാണ്? നിങ്ങൾ എപ്പോഴെങ്കിലും അങ്ങനെ പ്രാർത്ഥിച്ചിട്ടുണ്ടോ?

**ദൈവവുമായിട്ടുള്ള ബന്ധത്തിന്റെ ഉറപ്പ്**

ഫലപ്രദമായ പ്രാർത്ഥനയ്ക്കുള്ള അടുത്ത താക്കോൽ ദൈവവുമായുള്ള ബന്ധത്തിന്റെ ഉറപ്പ് പ്രാപിച്ചിരിക്കണം എന്നതാണ്. ദാനിയേൽ പറഞ്ഞത്, "ഞാൻ എന്റെ ദൈവമായ കർത്താവിനോട് പ്രാർത്ഥിച്ചു" (വാക്യം 4). ദാനിയേലിന് ദൈവവുമായി ഒരു ഉടമ്പടിയുടെ ബന്ധമാണുള്ളത്. ഒരു യെഹൂദ ബാലൻ എന്ന നിലയിൽ യരുശലേമിൽ വളരുമ്പോൾ ആലയത്തിലെ യാഗങ്ങളിലും ആചാരങ്ങളിലും കൂടെ സ്ഥാപിച്ച ബന്ധത്തിലൂടെ താൻ ദൈവത്തിന്റെ വകയാണെന്നും ദൈവം തനിക്കുള്ളതാണെന്നും ദാനിയേലിന് ഉറപ്പുണ്ടായിരുന്നു. പുതിയ നിയമത്തിലേക്ക് നാം അടുത്തു വരുമ്പോൾ, യേശു ക്രൂശിക്കപ്പെടുന്നതിനു മുമ്പ് പറഞ്ഞത് ഒരു പുതിയ ഉടമ്പടി സ്ഥാപിക്കാനായിട്ടുവന്നു എന്നാണ്. യേശു പഴയ നിയമത്തെ തള്ളികളഞ്ഞില്ല. പഴയനിയമത്തെ ഉറപ്പിക്കയാണ് ചെയ്തത്. സ്വന്തം രക്തത്താൽ ഉറപ്പിക്കപ്പെട്ട ഒരു പുതിയ നിയമം.

പെസഹായെക്കുറിച്ച് ചിന്തിക്കുമ്പോൾ യിസ്രായേൽ ജനത്തെ വിട്ടയപ്പാൻ ദൈവം മോശയെ അയച്ച് ഫറവോനോട് പറഞ്ഞപ്പോൾ പത്തു പ്രാവശ്യം ഫറവോൻ അത് നിരസിച്ചു. അപ്പോൾ ദൈവം ന്യായവിധിയെക്കുറിച്ച് സംസാരിച്ച് മനുഷ്യന്റെയും മൃഗങ്ങളുടെയും കടിഞ്ഞൂലുകളെ ഒക്കെയും സംഹരിക്കേണ്ടതിന് സംഹാരദൂതനെ ദേശത്തിലേയ്ക്ക് അയച്ചു. എന്നാൽ ആ കോപത്തിലും ദൈവം തന്റെ ജനത്തെ ഓർത്തു. ദൈവം യിസ്രായേലിനോട്, കുഞ്ഞാടിന്റെ രക്തം എടുത്ത് കട്ടളക്കാലിന്മേലും കുറുമ്പടിമേലും പുരട്ടി ഓരോരുത്തരും ന്യായവിധിയിൽ നിന്നും വിടുതൽ പ്രാപിപ്പാൻ കല്പന കൊടുത്തു.

പുതിയ നിയമത്തിൽ, സ്നാനപ്പെടുവാൻ യോർദ്ദാൻ നദിയോടടക്കുന്ന യേശുവിനെ നോക്കിയിട്ട് യോഹന്നാൻ സ്നാപകൻ പറഞ്ഞത്, "ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29). യേശു കാൽവറി ക്രൂശിൽ മരിക്കുമ്പോൾ ദൈവത്തിന്റെ കുഞ്ഞാട് നമുക്കു പകരമായി അർപ്പിക്കപ്പെടുകയാണ് ചെയ്തത്. യേശുവിനെ നമ്മുടെ പകരമായി അർപ്പിക്കയാണ് ചെയ്യുന്നത്. കുഞ്ഞാടിന്റെ രക്തം കട്ടളക്കാലിന്മേലും കുറുമ്പടിമേലും പുരട്ടുമ്പോൾ സംഹാരദൂതനിൽ നിന്നും നാം രക്ഷിക്കപ്പെടുകയാണ്.

ഒരു കൊച്ചു കുട്ടിയെപ്പോലെ അനുസരണത്തോടു കൂടം നാം അത് അനുഭവമാക്കുന്നു. യേശു എനിക്കു വേണ്ടി മരിച്ചു എന്ന് ഞാൻ അറിഞ്ഞു, പാപക്ഷമയ്ക്കായി ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചു, എന്റെ ജീവിതത്തിന്റെ രക്ഷകനും ദൈവവുമായിരിക്കേണ്ടതിന് അവിടുത്തെ എന്റെ ഹൃദയത്തിലേയ്ക്ക് ക്ഷണിച്ചു. കൂടുതൽ കാര്യങ്ങൾ എനിക്ക് അറികയില്ലായിരുന്നു, എന്നാൽ ഞാൻ വിശ്വസിച്ച് നിമിഷത്തിൽ ഞാൻ ദൈവത്തിന്റെ പൈതലായി ത്തീർന്നു. എന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു. നിത്യജീവൻ എനിക്കു കിട്ടി. ദൈവവുമായുള്ള ശരിയായ ബന്ധം സ്ഥാപിക്കപ്പെട്ടു. സ്വർഗ്ഗം എനിക്കുവേണ്ടി തുറക്കപ്പെട്ടു. ദൈവം എന്നിൽ ഒരു ഉടമ്പടിയുടെ ബന്ധം സ്ഥാപിച്ചു. ദൈവം എന്റേതും ഞാൻ ദൈവത്തിന്റേതും ആയി ത്തീർന്നു.

ഒരു വലിയ വ്യത്യാസം നമ്മുടെ പ്രാർത്ഥനാ ജീവിതത്തിലുണ്ടാവുന്നു. ആർക്കു വേണമെങ്കിലും പ്രാർത്ഥിക്കാം. ആ പ്രാർത്ഥനകൾ മുഴുവൻ ദൈവം കേൾക്കുകയും ചെയ്യും. എന്നാൽ ഉടമ്പടിയുടെ ബന്ധം സ്ഥാപിച്ചവനെ സംബന്ധിച്ചിടത്തോളം പ്രാർത്ഥനയ്ക്ക് ഒരു മറുപടിയുണ്ടാകും എന്ന ഉറപ്പുണ്ട്. ദൈവവുമായി ആ ഉടമ്പടി ബന്ധം സ്ഥാപിച്ച ദിവസം നമുക്കു ഓർമ്മയുണ്ടോ? എപ്പോഴാണ് നിങ്ങൾ ആ ക്രൂശിന്റെ സമീപത്തേയ്ക്കു പോയത്? നിങ്ങളുടെ പാപം ഏറ്റുപറഞ്ഞ് പാപക്ഷമ പ്രാപിച്ച് അവിടുത്തെ ര്കതം നമ്മുടെ ഹൃദയത്തിന്റെ കട്ടിളക്കാലിന്മേലും കുറുമ്പടിമേലും പുരട്ടിയിട്ടുണ്ടോ? നിങ്ങൾ അങ്ങനെ ചെയ്യുമ്പോൾ, ദൈവത്തിനു മഹത്വം, നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുകയാണ്. യേശു നിങ്ങളുടെ പാപത്തിന്റെ ശിക്ഷ

(ശേഷം 8-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച )

## അമേരിക്കയെ............... ഏക പ്രത്യാശ

വരെ ചെയ്തുകൊണ്ടിരുന്ന പാപങ്ങൾക്ക് ഇളവുകളും മാപ്പുകൊടുത്ത് നിയമങ്ങളുമുണ്ടാക്കി. 80-കളിൽ അധാർമ്മികവും ദൈവവചനത്തിന്റെ നിയമങ്ങൾക്ക് വിരുദ്ധവുമായതിനെ നിയമമാക്കി മാറ്റാൻ തുടങ്ങി.

ഒരു രാജ്യം എന്ന നിലയിൽ അമേരിക്ക സർവ്വശക്തനായ ദൈവത്തെ കോപിപ്പിക്കുവാനിടയായി ദൈവത്തിന്റെ വഴികളെ ഉപേക്ഷിക്കുവാനും ആദ്യ അനുഭവങ്ങളെ നഷ്ടപ്പെടുത്തുവാനും ഇടയായി.

**അനുതപിച്ചില്ലെങ്കിൽ ദൈവത്തിന്റെ ന്യായവിധി**

ആളുകൾ ചോദിക്കുന്നത്, ദൈവം നമ്മെ ന്യായംവിധിക്കുമോ? നാം അനുതപിച്ചില്ലെങ്കിൽ എത്രത്തോളം ന്യായവിധി നടന്നുകൊണ്ടിരിക്കും. എന്നാൽ ദൈവത്തെ മറക്കയും ദൈവത്തിന്റെ പ്രമാണങ്ങളെ ഉപേക്ഷിക്കയും ചെയ്യുന്നവനെ ദൈവം ന്യായം വിധിക്കും. സങ്കീർത്തനം 9:17-ൽ പറയുന്നത് “ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകല ജാതികളും പാതാളത്തിലേക്കു തിരിയും”. “നീതി ജാതിയെ ഉയർത്തുന്നു”; “പാപമോ, വംശങ്ങൾക്കു അപമാനം” (സദൃശ. 14:34). “നീ നിന്റെ ദൈവത്തിന്റെ ന്യായപ്രമാണം മറന്നു കളഞ്ഞതുകൊണ്ട് ഞാനും നിന്റെ മക്കളെ മറക്കും” (ഹോശയ 4:6). അവർ കുറ്റം ഏറ്റുപറഞ്ഞു എന്റെ മുഖം അന്വേഷിക്കുവോളം ഞാൻ മടങ്ങിപ്പോയി എന്റെ സ്ഥലത്ത് ഇരിക്കും” (ഹോശയ 5:15).

അമേരിക്കൻ ജനത പൊതുവെ വേദപുസ്തകത്തിലെ ദൈവത്തെ മറന്ന് അ വിടുത്തെ പ്രമാണങ്ങളെ ഉപേക്ഷിച്ച് ആത്മഹത്യാപരമായ നാശത്തിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നു. സഭയുടെ സ്ഥാപകപിതാക്കന്മാർ മിഥ്യയിലാണോ അവസാനിച്ചത്? കല്ലറയിൽ അവസാനിക്കുന്നതുവരെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള കുലീനമായ ഒരു പരീക്ഷണം മാത്രമാണോ അവരുടെ ജീവിതം? നമ്മുടെ തലമുറയ്ക്കും അവരുടെ തലമുറയ്ക്കും പ്രത്യാശയില്ലേ?

എഡ്മണ്ട് ബ്രൂക്ക് പറഞ്ഞത്; “ ദുഷ്ടത പെരുകുന്നതിന് ഏകകാരണം, നല്ല മനുഷ്യർ ഒന്നും ചെയ്യുന്നില്ല എന്നതാണ്. നമ്മിൽ പലരും അങ്ങനെയാണ്. ഒന്നും ചെയ്യാൻ തയ്യാറാകുന്നില്ല. പണം ഉണ്ടാക്കുന്ന കാര്യത്തിൽ നാം തിരക്കിലാണ്, ടെലിവിഷൻ കാണാൻ നമുക്ക് സമയമുണ്ട്. നമ്മുടെ സ്വന്തം കാര്യം നോക്കാൻ സമയമുണ്ട്. ആളുകളുടെ രക്ഷക്കായി പ്രവർത്തിക്കാൻ സമയമില്ല.

ഞാനും നിങ്ങളും ജീവിക്കുന്നത് ഒരു ജനാധിപത്യകാലയളവിലാണ് - ജനങ്ങളുടെ ഗവൺമെന്റ്. ആളുകളാൽ ആളുകൾക്ക് വേണ്ടി ഭരിക്കുന്നു. നല്ല തീരുമാനമെടുക്കാൻ നമുക്ക് സ്വാതന്ത്ര്യമുണ്ട്., ദൈവമുമ്പാകെ ഈ രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി ജീവിക്കുവാൻ നമുക്ക് കഴിയും.

**ഏക പ്രത്യാശ**

അമേരിക്ക ഇന്ന് ആയിരിക്കുന്ന നിലയിൽ ധാർമ്മികമായി അധ:പതിക്കുമ്പോൾ, ആത്മികമായി കുരുടന്മാരായിരിക്കുമ്പോൾ, മനുഷ്യത്വം നഷ്ടപ്പെടുമ്പോൾ, ഭൗതികവാദികളായിത്തീരുമ്പോൾ, അങ്ങനെയുള്ള ദുഷ്ടവാസനയെ അതിജീവിക്കുവാനുള്ള ഏക ശക്തി എന്നത്, ജീവിക്കുന്ന ദൈവത്തിന്റെ ശക്തി മാത്രമാണ്. ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലും പരിശുദ്ധാത്മാവിന്റെ പകർച്ചയും ദൈവസാന്നിദ്ധ്യത്തിന്റെ സന്ദർശനവും മാത്രമാണ് നമുക്ക് ഇന്ന് ആവശ്യമായിരിക്കുന്നത്. പ്രിയ സഹോദരങ്ങളേ അതാണ് ഉണർവ്വ്!

ആശയറ്റ സന്ദർഭങ്ങൾ ദൈവത്തിന്റെ ഇടപെടൽ ആവശ്യപ്പെടുന്നു, ചരിത്രത്തിൽ അങ്ങനെയുള്ള അവസരങ്ങളെ ഉണർവ്വ് എന്നു വിളിക്കുന്നു. ഏക പ്രത്യാശ എന്നത്, ദൈവനാമം മഹത്വപ്പെടണം ഏക പ്രത്യാശ എന്നത് രാജ്യത്തിന്റെ കർത്താവായി ഒരിക്കൽ കൂടെ ദൈവത്തിന്റെ നാമം ഉയരണം, ഏകപ്രത്യാശ എന്നത്, പാപത്തെ ജയിച്ച് ആളുകൾ സ്വതന്ത്രമാകണം ഏക പ്രത്യാശ എന്നത് നമ്മുടെ മക്കളും കൊച്ചുമക്കളും ഉണർന്ന് ആത്മാവിൽ ബലപ്പെട്ട് ആദ്യ അനുഭവങ്ങളെ പ്രാപിക്കുമ്പോൾ ആ ഉണർവ്വ് പാപത്തിന്റെ കടന്നുകയറ്റത്തെ തുടച്ച് മാറ്റുകയും ദൈവചനത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിലേയ്ക്ക് മടങ്ങി വരികയും ചെയ്യും. അങ്ങനെ നമ്മുടെ രാജ്യം അഭിവൃദ്ധി പ്രാപിക്കും.

രാജ്യം ദൈവത്തിങ്കലേയ്ക്ക് മടങ്ങി വരികയെന്നതാണ് ഏക പരിഹാരം. ദൈവം പാപത്തിന് പരിഹാരമുണ്ടാക്കുമ്പോൾ എല്ലാ പ്രശ്നങ്ങൾക്കും ശാപങ്ങൾക്കും പരിഹാരമാകും. സോദോമിനെക്കുറിച്ചു ഗോമോറയെക്കുറിച്ചും ദൈവം പറഞ്ഞത് “പത്തു നീതിമാന്മാരുണ്ടെങ്കിൽ ദേശത്തെ നശിപ്പിക്കയില്ല എന്നാണ്”. എന്നാൽ പത്തുപേരെ കണ്ടെത്താൻ കഴിഞ്ഞില്ല. രണ്ട് ദിനവൃത്താന്തം 7:14-ൽ ദൈവം സംസാരിച്ചത്, “എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയും എങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും”.

അമേരിക്ക ഇന്ന് വിധിക്കപ്പെടുന്നത്, നഷ്ടപ്പെട്ട പാപകിൾ കാരണത്താലല്ല, പിന്നെയോ സഭയുടെ പിന്മാറ്റം കാരണത്താലാണ്. സഭയുടെ പാപം ജാതികളുടെ പാപത്തെക്കാൾ വലിയതാണ്. നാം പലപ്പോഴും പരാതി പറയുന്നത് നമ്മുടെ മക്കൾക്ക് സ്കൂളിൽ ബൈബിൾ വായിക്കുന്നതിനോ പ്രാർത്ഥിക്കുന്നതിനോ സൗകര്യമില്ല എന്നാണ്. എന്നാൽ നമ്മിൽ എത്ര പേരാണ് കുഞ്ഞുങ്ങളോടൊപ്പം ബൈബിൾ വായിക്കാനും പ്രാർത്ഥിക്കുവാനും സമയം കണ്ടെത്തുന്നത്?

നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക അസംന്തുലിതാവസ്ഥയെക്കുറിച്ച് നാം അറിയുകയും വ്യാകുലപ്പെടുകയും ചെയ്യുന്നു. എന്നാൽ നാം ധാർമ്മികമായി അധപതിക്കുകയും വ്യഭിചാരം, വഷളത്വം, കൂത്തുകാഴ്ചകൾ, അശ്ലീലങ്ങൾ എന്നിവയിൽ വർദ്ധിച്ചുവരുന്നു. ധാർമ്മികമായി ഞാൻ യോഗ്യനായിരിക്കുന്നു. ചിന്തയിലും വാക്കിൽ സ്വഭാവത്തിൽ ജീവിത നിലവാരങ്ങളിൽ ഞാൻ നന്നായിരിക്കുന്നു എന്ന് എത്രപേർക്കാണ് പറയാൻ കഴിയുക.

ഇന്നത്തെ സഭ ദൈവശബ്ദത്തിന് ചെവി അടച്ചിരിക്കുന്നു, പ്രവാചകന്മാർ പാപത്തിനെതിരെ ശബ്ദിക്കുന്നില്ല. സ്വാർത്ഥതയുടെയും ഭൗതികവാദത്തിന്റെയും വ്യഭിചാരത്തിന്റെയും പിടിയിലമർന്ന് സഭയിൽ സുഖലോലുപതയുടെ തത്വശാസ്ത്രത്തെ നാം ദത്തെടുത്തി

(ശേഷം 8-ാംപേജിൽ)

(കഴിഞ്ഞ ലക്കം തുടർച്ച)

## പ്രാർത്ഥനയും സ്നേഹവും

യേശു പഠിക്കയും അനുഭവമാക്കുകയും ചെയ്ത ഈ അനുഭവത്തിലേക്കാണ് യേശു നമ്മെയും നടത്തുന്നത്. "സ്നേഹവും ദയയും ഉള്ളവരായി എല്ലാവരോടും നല്ല മനസാക്ഷിയുള്ളവരായി രുന്നാൽ ദൈവം നമ്മെയും സ്നേഹിക്കും".

അങ്ങനെ ആദ്യ പാഠം ക്ഷമയെക്കുറിച്ചാണ് സംസാരിച്ചത്. നാം പ്രാർത്ഥിക്കുന്നത് "ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളോടും ക്ഷമിക്കേണമേ". തിരുവചനം പറയുന്നു, "ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ" (എഫെ. 4:32).

ദൈവം പൂർണ്ണമായും സൗജന്യമായും നമ്മോടു ക്ഷമിച്ച അതേ പ്രമാണം നമ്മുടെ ജീവിതത്തിലും മറ്റുള്ളവരോട് വച്ചു പുലർത്താം. അല്ലാതെ നമ്മുടെ വിമുഖമായ പകുതി ക്ഷമ യഥാർത്ഥ ക്ഷമയേയല്ല. നമ്മുടെ ഓരോ പ്രാർത്ഥനയും വിശ്വാസത്തിലും ദൈവത്തിന്റെ ക്ഷമിക്കുന്ന കൃപയിലും അടിസ്ഥാനപ്പെട്ടതായിരിക്കണം.

ദൈവം നമ്മുടെ പാപങ്ങളെ ഓർത്തിരുന്നെങ്കിൽ നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി ഉണ്ടാകുമായിരുന്നില്ല. ക്ഷമ ദൈവസ്നേഹത്തിന്റെയും അനുഗ്രഹങ്ങളുടെയും വാതിൽ തുറന്നുതരുന്നു. കാരണം ദൈവം നമ്മുടെ എല്ലാ പാപങ്ങളെയും ക്ഷമിച്ചു പ്രാർത്ഥനയിലൂടെ എല്ലാ ആവശ്യങ്ങളും ദൈവം നമുക്ക് ചെയ്തുതരുന്നു. പ്രാർത്ഥനയുടെ ആഴവും സുസ്ഥിരവുമായ അടിസ്ഥാനം എന്നത് ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹമാണ്. അതു നമ്മുടെ ഹൃദയത്തിന്റെ സമ്പത്തായി മാറുമ്പോൾ നാം വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നു. അത് നമ്മുടെ ഹൃദയത്തിന്റെ അനുഭവമാകുമ്പോൾ നാം സ്നേഹത്തിൽ നടക്കുന്നു.

### ദൈവത്തിന്റെ ക്ഷമിക്കുന്ന സ്വഭാവം

ദൈവത്തിന്റെ ക്ഷമിക്കുന്ന സ്വഭാവം, ദൈവസ്നേഹമായി നമ്മിൽ വെളിപ്പെടുന്നു, അത് നമ്മുടെയും അനുഭവമായി മാറുന്നു. ദൈവസ്നേഹത്തിന്റെ ക്ഷമിക്കുന്ന ശക്തി ഒഴുകിയെത്തി, അവിടുന്ന് ക്ഷമിച്ചതുപോലെ നാമും ക്ഷമിക്കേണ്ടതിന് നമ്മിൽ വസിക്കുന്നു. ദുഃഖകരമായ മുറിവുകളും അനീതിയുമാണ് നാം വിളിച്ചുവരുത്തുന്നു എങ്കിൽ, മാനസാന്തരപ്പെട്ട് ദൈവത്തിന്റെ സ്വാഭാവത്തോട് നാം ഇഴുകിച്ചേരേണ്ടതാണ്. മുറിവേൽപ്പിക്കുന്ന സ്വാഭാവം, സ്വയനീതി, പകരത്തിന് പകരം എന്നിവ ത്യജിക്കണം. മറ്റുള്ളവരെ ഉപദ്രവിക്കുന്നതിൽ നിന്നും മുറിവേല്പിക്കുന്ന വാക്കുകളിൽ നിന്നും പകരത്തിനു പകരം പക, ജഡസ്വഭാവം എന്നിവയെ വിട്ട് ദൈവവും ക്രിസ്തുവും ക്ഷമിച്ചതുപോലെ ക്ഷമയുള്ളവരായിരിക്കണം.

ദൈവത്തിന്റെ കല്പന അക്ഷരികമായിത്തന്നെ നാം കൈക്കൊള്ളണം, മനസലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചു കൊണ്ട് അന്യോന്യം പൊറുക്കുകയും "ഒരുവനോട് ഒരുവന് വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്‌വിൻ" (കൊലൊ. 3:13). യേശുവിൻ രക്തം നിർജ്ജീവ പ്രവൃത്തികളിൽ നിന്നും നമ്മുടെ മനസാക്ഷിയെ കഴുകി ശുദ്ധീകരിക്കുന്ന സ്വാർത്ഥതയെയും മാറ്റി ശുദ്ധീകരിക്കുന്നു; തന്റെ ക്ഷമിക്കുന്ന സ്നേഹത്തെ വെളിപ്പെടുത്തുന്നു. നമ്മിൽ പകർന്ന ആ സ്നേഹം മറ്റുള്ളവരിലേക്ക് ഒഴുകുന്നു. നമ്മിലുള്ള മറ്റുള്ളവരെ ക്ഷമിക്കുന്ന സ്നേഹം, ദൈവം നമ്മോടു ക്ഷമിച്ചു എന്നതിന്റെ തെളിവാണ്.

### അനുദിന ജീവിതം ഒരു പരിശോധന

ഇത് കുറച്ചുകൂടെ പൊതുവായൊരു പാഠം. നമ്മുടെ അനുദിന ജീവിതം, ദൈവവുമായുള്ള നമ്മുടെ വിശ്വാസത്തിന്റെ പ്രാർത്ഥനാ അനുഭവം വ്യക്തമാക്കുന്നു.

പലപ്പോഴും വിശ്വാസി പ്രാർത്ഥനയ്ക്ക് വരുമ്പോൾ തന്റെ പദ്ധതികളെ മനസ്സിൽ രൂപപ്പെടുത്തി അത് പ്രസാദമായിത്തീരും എന്ന് ചിന്തിക്കുന്നു. ജീവിതം എന്നത് ചിതറിപ്പോയ ചില ലക്ഷണങ്ങളല്ല, അങ്ങനെ നഷ്ടപ്പെടാതെ ക്ഷണത്തിനുവേണ്ടിയുള്ള അന്വേഷണമല്ല പ്രാർത്ഥന എന്ന് അവർ മനസിലാക്കുന്നില്ല.

ജീവിതം പൂർണ്ണവും, അനുദിന ജീവിതത്തിൽ ദൈവത്താൽ നടത്തപ്പെടുന്ന ആത്മിക അനുഭവങ്ങളുടെ ഒരു ചെറിയ ഭാഗമാണ് പ്രാർത്ഥനാ സമയം. ഒരു തോന്നലല്ല, എന്റെ അനുദിന ജീവിതത്തിന്റെ സ്പന്ദനമാണത്. എന്നെ ഞാൻ ആക്കിതീർക്കുന്ന ദൈവത്തിന്റെ മാനദണ്ഡമാണത്.

മനുഷ്യനോടും ലോകത്തോടുമുള്ള എന്റെ ഇടപെടൽ ദൈവത്തോടടുക്കുന്ന എന്റെ ജീവിതത്തിന്റെ ഒരു ഭാഗമാണ്. ലോകത്തോട് അഥവാ മനുഷ്യരോട് ഞാൻ പരാജയപ്പെട്ടാൽ ദൈവമുമ്പിലും ഞാൻ പരാജയപ്പെടും. എന്റെ അയല്ക്കാരനും ഞാനുമായുള്ള എന്റെ ഇടപെടലിൽ ഞാൻ പരാജയപ്പെട്ടാൽ സ്നേഹമില്ലാത്ത ചിന്തയുമായി ഞാൻ അവരോടിടപെട്ടാൽ അത് എന്റെ പ്രാർത്ഥന ജീവിതത്തിന് തടസമാകും. ദൈവത്തിന്റെ സ്നേഹത്തിലും ഇഷ്ടത്തിലും അധിഷ്ഠിതമായ ജീവിതത്തിൽ നിന്നുള്ള പ്രാർത്ഥനയാണ് പ്രയോജനമുള്ള പ്രാർത്ഥന.

### എല്ലാം സ്നേഹത്തെ ആശ്രയിച്ചിരിക്കുന്നു.

മറ്റുള്ളവരോടുള്ള നമ്മുടെ ബന്ധത്തെ കാത്തുസൂക്ഷിക്കുന്ന ഏറ്റവും പ്രധാന ഘടകം സ്നേഹം തന്നെയാണ്. കാരണം ദൈവം സ്നേഹമാകുന്നു അവിടുന്ന് ക്ഷമിക്കുന്നു. നാം സ്നേഹത്തിൽ വസിക്കുമ്പോൾ നമുക്ക് ക്ഷമിക്കുവാനും കഴിയുന്നു. നാം സഹോദരവർഗ്ഗത്തെ സ്നേഹിക്കുന്നത് നാം പിതാവിനെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണ്. അത് ദൈവമുമ്പാകെയുള്ള നമ്മുടെ ധൈര്യവുമാണ്. പ്രാർത്ഥന ദൈവം കേൾക്കും എന്ന ഉറപ്പും നമുക്കുണ്ട്. "കുഞ്ഞുങ്ങളേ നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കുക. നാം സത്യത്തിന്റെ പക്ഷത്തു നില്ക്കുന്നവർ എന്ന് ഇതിനാൽ അറിയും. ഹൃദയം നമ്മെ കുറ്റം വിധിക്കുന്നു എങ്കിൽ ദൈവം നമ്മുടെ ഹൃദയത്തേക്കാൾ വലിയവനും എല്ലാം അറിയുന്നവനും എന്ന് നമ്മുടെ ഹൃദയത്തെ അവന്റെ സന്നിധിയിൽ ഉറപ്പിക്കാം. പ്രിയമുള്ളവരേ ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്ക് ദൈവത്തോട് പ്രാഗൽഭ്യം ഉണ്ട് . അവന്റെ കല്പനകളെ നാം പ്രമാണിച്ച് അവന് പ്രസാദമുള്ളതു ചെയ്യുന്നതു കൊണ്ട് എന്തു യാചിച്ചാലും അവങ്കൽ നിന്നും ലഭിക്കും" (1യോഹ. 3:18-22).

നമ്മിൽ സ്നേഹം ഇല്ലെങ്കിൽ നമ്മുടെ വിശ്വാസ

(ശേഷം 7-ാം പേജിൽ)

(6-ാം പേജിന്റെ തുടർച്ച )

## പ്രാർത്ഥനയും സ്നേഹവും

ത്തിനോ പ്രവൃത്തിക്കോ യാതൊരു പ്രസക്തിയുമില്ല. സ്നേഹം ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നു. സ്നേഹം യഥാർത്ഥ വിശ്വാസത്തിന്റെ തെളിവാണ്. മർക്കൊ, 11:22 -ൽ വിശ്വാസമുള്ളവരായിരിപ്പിൻ എന്ന് പഠിപ്പിക്കുമ്പോൾ അതിന്റെ തുടർച്ചയായി ഇങ്ങനെ കാണുന്നു, മനുഷ്യരെ സ്നേഹിക്കുവന്നവരായും ഇരിപ്പിൻ.

എനിക്കു മുകളിലുള്ള ജീവനുള്ള ദൈവത്തോടുള്ള ബന്ധവും എന്റെ ചുറ്റുമുള്ള ജീവിക്കുന്ന മനുഷ്യരോടുള്ള നല്ല ബന്ധവും പ്രയോജനവുമുള്ള പ്രാർത്ഥനയ്ക്കു വ്യവസ്ഥകളാണ്.

സ്നേഹത്തിന്റെ ഫലമായിട്ടാണ് മനുഷ്യരുടെ നന്മയ്ക്കായി നാം വേല ചെയ്യുന്നതും അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതും നാം ചില സമയം ദൈവത്തിന്റെ വിളികേട്ടിട്ടോ നമ്മുടെ ആത്മീയപോഷണത്തിനുവേണ്ടിയോ ആവേശം മൂത്തിട്ട് സ്വയവർജ്ജനം ഇല്ലാതെ അഥവാ നമ്മുടെ സ്വയത്തിൽ ആശ്രയിച്ച് കർത്താവിന്റെ വേല ചെയ്യുവാൻ ആഗ്രഹിക്കാറുണ്ട്. അങ്ങനെയായാൽ പരാജയപ്പെടുകയോ ക്ഷീണിക്കയോ ചെയ്യുന്നതിൽ അത്ഭുതമില്ല. തെറ്റിപ്പോയ ഒരുവനെ, ഒരു പക്ഷേ സ്നേഹിക്കപ്പെടുവാൻ അർഹതയില്ലാത്തവനായിരിക്കാം, എന്നാൽ നഷ്ടപ്പെട്ട ആടിനെ അന്വേഷിക്കുന്ന നല്ല ഇടയനായ യേശുവിന്റെ ആത്മാവിനാൽ അവ കണ്ടു; താങ്ങിയെടുത്ത് യേശുവിനുവേണ്ടി അവനെ ഉയർത്തുന്നു - ഇതാണ് വിശ്വാസത്തോ ടെയുള്ള പ്രാർത്ഥനയും വിജയകരമായ വേലയും.

### നിങ്ങളുടെ ഹൃദയത്തെ പരിശോധിക്കുക

"നിങ്ങൾ യാചിക്കുന്നു എങ്കിലും..... വല്ലാതെ യാചിക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല" (യാക്കോ. 4:3). ഈ ദൈവവചനം നമ്മെ പരിശോധിക്കട്ടെ. നിശ്ചയമായും നമ്മുടെ പ്രാർത്ഥനകൾ, നമ്മുടെ ഹൃദയങ്ങളെ ദൈവത്തിനും തന്റെ ഇഷ്ടത്തിനും പൂർണ്ണമായി സമർപ്പിച്ചതും മറ്റുള്ളവരെ സ്നേഹിക്കുന്നവരുമായി ദൈവഹിതപ്രകാരം പ്രാർത്ഥിക്കുന്നവരായിരിപ്പാൻ കഴിയട്ടെ. സ്നേഹം മാത്രമാണ് വിശ്വാസത്തിന് വേരോടുവാനും വളരുവാനുമുള്ള മണ്ണ്. അതിന്റെ ചില്ലകൾ സ്വർഗ്ഗം എന്ന ചിന്തയോടുകൂടെ വളരുമ്പോൾ തന്നേ, അത് ദുഷ്ടതയിലേക്കോ പ്രയോജനമില്ലാത്ത മറ്റേതെങ്കിലും കാര്യങ്ങളിലേക്കോ കൈകളെ നീട്ടുന്നുവോ എന്നും ദൈവം എപ്പോഴും നോക്കിക്കൊണ്ടിരിക്കുന്നു.

അങ്ങനെയുള്ള സ്നേഹത്തിൽ ദൈവസ്നേഹത്തിന്റെ പൂർണ്ണതയില്ല. എന്നാൽ സ്നേഹം ദൈവത്തിന്റെ ലക്ഷ്യത്തിലും ഉദ്ദേശത്തിലും അനുസരിച്ച് ഉറച്ചിരിക്കുന്നു എങ്കിൽ വിശ്വാസം അതിന്റെ അനുഗ്രഹം പ്രാപിക്കും. ആര് ദൈവത്തിന്റെ സ്നേഹം തങ്ങളിൽ വസിച്ച് വളരുവാൻ ആഗ്രഹിക്കുന്നുവോ അവരുടെ അനുദിന ജീവിതത്തിൽ ദൈവം സ്നേഹിച്ചതുപോലെ സ്നേഹിക്കാൻ കഴിയുന്നു എങ്കിൽ അവനിൽ വിശ്വാസത്തോടെ പ്രാർത്ഥിപ്പാനുള്ള ശക്തി പകരപ്പെടുകയും അവന്റെ ഓരോ പ്രാർത്ഥനയ്ക്കും മറുപടി ലഭിക്കുകയും ചെയ്യും.

ഇതു ദൈവത്തിന്റെ കുഞ്ഞാട് അവിടുന്ന് സിംഹാസനത്തിലുണ്ട്. നമുക്കുവേണ്ടി കഷ്ടതയനുഭവിച്ചവൻ, നമ്മുടെ ഭാരങ്ങളെ ചുമക്കുന്നവൻ. അവൻ നമ്മെ സ്നേഹിക്കുന്നു. നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകുന്നു. കരുണയുള്ളവർക്ക് കരുണ ലഭിക്കും, സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കും.

### കർത്താവേ ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ

വാഴ്ത്തപ്പെട്ട ഞങ്ങളുടെ പിതാവെ! അവിടുന്ന് സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്നവൻ അങ്ങയിലും അവിടുത്തെ കൂട്ടായ്മയിവും വസിക്കുന്നു. വാഴ്ത്തപ്പെട്ട കർത്താവ് ദൈവവുമായുള്ള കൂട്ടായ്മയും വിശ്വാസത്തോടെയുള്ള പ്രാർത്ഥനയും എത്ര വിലപ്പെട്ടതെന്ന് ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവമേ, അവിടുത്തെ സ്നേഹം അവിടുത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളിലേക്ക് പകർന്ന് വിശ്വാസത്തോടെയുള്ള പ്രാർത്ഥനയിലൂടെ വ്യാപരിക്കുന്ന ദൈവശക്തിയും സ്നേഹവും അനേകരിലേക്ക് പകർന്നു കൊടുക്കുവൻ ഞങ്ങളെ ഒരുക്കേണമേ. ഞങ്ങളുടെ പിതാവേ, മറ്റുള്ളവരെ സ്നേഹിക്കുവാൻ തക്കവണ്ണം ഞങ്ങളെ പ്രാപ്തരാക്കി, ദൈവസ്നേഹത്തിലേക്ക് അവരെ ആകർഷിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തി ഞങ്ങളിൽ പകരേണമേ. കർത്താവേ, ഞങ്ങളോടു എതിർക്കുന്നവരോടും അനുദിനം ക്ഷമിച്ച് ഞങ്ങളോട് ക്ഷമിച്ച ദൈവസ്നേഹത്തെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നതിൽ സന്തോഷിപ്പാനും ഞങ്ങളെ പഠിപ്പിക്കണമേ.

കർത്താവായ യേശുവേ, ഞങ്ങളുടെ വാഴ്ത്തപ്പെട്ട ഗുരുവേ, ക്ഷമിക്കുവാനും സ്നേഹിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ. അവിടുത്തെ രക്തത്തിന്റെ ശക്തിയാൽ ഞങ്ങളുടെ പാപങ്ങളെ ക്ഷമിക്കണമേ. ആ പാപക്ഷമയേയും ഞങ്ങളോടു കാണിച്ച സ്നേഹത്തേയും മറ്റുള്ളവർക്ക് പകർന്നുകൊടുത്ത് അവരിലും ആ സന്തോഷമുണ്ടാകുവാൻ കൃപ ചെയ്യേണമേ. അനുദിന ജീവിതത്തിൽ എന്റെ വീട്ടിലും എന്റെ സമൂഹത്തിലും അനുഗ്രഹിക്കപ്പെട്ടവരായി മുന്നേറുവാൻ അടിയങ്ങളെ സഹായിക്കണമേ.

❖

(5-ാം പേജിന്റെ തുടർച്ച )

## അമേരിക്കയെ..............
## ഏക പ്രത്യാശ

രിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഉണർവ്വ് പ്രാപിച്ച് ഒരു വിശുദ്ധജീവിതം ചെയ്ത് ദൈവവചനം ശക്തിയോടെ പ്രസംഗിക്കുമ്പോൾ പാപികൾ മാനസാന്തരപ്പെടുകയും പിന്മാറ്റക്കാർ മടങ്ങിവരികയും ചെയ്യും.

ഉണർവ്വ് എന്നത്, ആളുകളെ ദൈവത്തിങ്കലേയ്ക്കും ദൈവത്തെ ആളുകളിലേക്കും എത്തിച്ച് ഒരു ആത്മികസ്ഥിരതയുണ്ടാക്കുന്ന ദൈവപ്രവർത്തിയാണ്. അതിനായി ദൈവം തന്റെ ജനത്തെ നോക്കുന്നു, ജനം ദൈവത്തിന്റേതാണ്. അവരിലൂടെ ദൈവം തന്നെത്താൻ വെളിപ്പെടുത്തും. അവിടുന്ന് സർവ്വശക്തനും ബലവാനുമാണ്.

### ഒരു വ്യത്യാസത്തിനു വേണ്ടി ധൈര്യപ്പെടുക

ആഹാബിന്റെ ഭരണകാലം യിസ്രായേലിൽ ഒരു ഇരുണ്ട കാലഘട്ടമായിരുന്നു. ആ രാജ്യത്തെ ദൈവത്തിങ്കലേയ്ക്ക് നടത്തുവാൻ ഏലിയാവു ദൈവത്തിന്റെ കയ്യിലെ ഒരു ഇണങ്ങിയ ആയുധമായിരുന്നു. എന്നാൽ ഏലിയാവ് സ്വർഗ്ഗത്തിൽ നിന്നും തീയെ വിളിച്ചിറിക്കുന്നതിന് മുമ്പ് ദൈവം തന്നോടു പറ

(ശേഷം 8-ാം പേജിൽ )

(7-ാം പേജിന്റെ തുടർച്ച )

**അമേരിക്കയെ..............**

**ഏക പ്രത്യാശ**

ഞ്ഞത്, പോയി ഒളിച്ചിരിക്ക എന്നാണ്. മൂന്ന് വർഷത്തെ പ്രാർത്ഥനയ്ക്ക് ശേഷം ദൈവം പറയുകയാണ്. പോയി നിന്നെ തന്നെ കാണിക്ക. ചില വ്യക്തികളെ ദൈവം വിളിച്ച് അവരിൽ വെളിപ്പെടേണ്ട ശക്തി തികയുന്നതുവരെ, ശുശ്രൂഷയ്ക്കായി ദൈവഹിതപ്രകാരം ഒരുക്കപ്പെടുന്നതുവരെ മറഞ്ഞിരിക്കുവാൻ കല്പിക്കാറുണ്ട്. അവർക്ക് പ്രാർ ത്ഥിപ്പാനും പിന്നത്തേതിൽ വീര്യ പ്രവർത്തികൾ ചെയ്യാനും കഴിഞ്ഞിട്ടുണ്ട്.

നാം ചിന്തിക്കും ഏലിയാവ് അസാധാരണമായ ഒരു വ്യക്തിയാണ് എന്ന്. എന്നാൽ വേദപുസ്തകം അങ്ങനെ പറയുന്നില്ല. വേദപുസ്തകം പറയുന്നത് നമുക്കുള്ളതുപോലെയുള്ള പ്രശ്നങ്ങൾ ഏലിയാവിനുമുണ്ടായിരുന്നു. യാക്കോബ് 5:17-ൽ നാം വായിക്കുന്നത്. “ ഏലിയാവ് നമുക്കു സമസ്വഭാവമുള്ളോരു മനുഷ്യൻ ”.

നാം പറഞ്ഞേയ്ക്കാം ഏലിയാവിന്റെ ദൈവമായ കർത്താവ് എവിടെ? എന്തുകൊണ്ട് തീ അയയ്ക്കുന്നില്ല? എന്തുകൊണ്ട് ഉണർവ്വ് അയയ്ക്കുന്നില്ല? “എന്നാൽ യാഥാർത്ഥ്യ ചോദ്യം ചോദിക്കേണ്ടത് ഇങ്ങനെയാണ് ദൈവമായ കർത്താവിന്റെ ഏലിയാവ് മാരെവിടെ ”? ഈ തലമുറയിൽ ഒരു വ്യത്യാസമുണ്ടാക്കിയെടുക്കാനുള്ള ആളുകൾ എവിടെ എന്നാണ്.

അമേരിക്കൻ ഐക്യനാടുകളിൽ കഴിഞ്ഞ ഒരു ബോധവൽക്കരണമുണ്ടാക്കുവാൻ കാരണമായത് ഒരു ബിസിനസ്കാരനാണ്. ഉച്ചഭക്ഷണത്തിനുള്ള ഇടവേളയുടെ സമയത്ത് അദ്ദേഹം തന്റെ സഭാഹാളിന്റെ മുകളിലത്തെ നിലയിൽ ഒരു പ്രാർത്ഥനാ യോഗം ആരംഭിച്ചു. ദൈവം രാജ്യത്ത് ഒരു സാമ്പത്തിക പ്രതിസന്ധി ആരംഭിച്ചു. ദൈവം രാജ്യത്ത് ഒരു സാമ്പത്തിക പ്രതിസന്ധി അയച്ചു. ആ സമയം ആളുകൾ കടന്ന് വന്ന് ആത്മഭാരത്തോടെ പ്രാർത്ഥിക്കുവാൻ തുടങ്ങി. അധികം കഴിയും മുമ്പേ ആയിരങ്ങൾ കടന്നു വരാൻ തുടങ്ങി. അമേരിക്കൻ ഐക്യനാടുകളിൽ വലിയൊരു ഉണർവ്വുണ്ടായി.

ഒരു സാധാരണ മനുഷ്യൻ അസാധാരണമായി ദൈവത്താൽ ഉപയോഗിക്കപ്പെട്ടു. ജനം മുട്ടിന്മേൽ നിന്നു. അന്ന് കർത്താവ് അതു ചെയ്തു. ഞാൻ വിശ്വസിക്കുന്നു. ആ പ്രവൃത്തി ഇന്നും കർത്താവ് ചെയ്യും. അപ്രകാരം ഒരു വ്യക്തിയെ കിട്ടിയാൽ അവനെക്കൊണ്ട് ഇന്നും കർത്താവ് അതു ചെയ്യും. ഇന്നത്തെ സാഹചര്യം മനസ്സിലാക്കി ഒരു ദൈവപ്രവൃത്തിക്കുവേണ്ടി ഒരുവൻ എഴുന്നേറ്റാൽ അവനിലൂടെ ദൈവം തന്റെ പ്രവൃത്തി വീണ്ടും ചെയ്യും. ❖

(4-ാം പേജിന്റെ തുടർച്ച )

**(ശക്തമായ പ്രാർത്ഥന )**

എടുത്ത് മാറ്റി, സംഹാരകൻ നിങ്ങളെ വിട്ട് ഒഴിഞ്ഞുപോയി. നിങ്ങൾ നിത്യതയിലേക്ക് ചുവടുവയ് ക്കുന്നു; ദൈവപൈതൽ എന്ന നിലയിൽ ദൈവത്തിന്റെ ഭവനത്തിലേക്ക് പോകുന്നു. ദൈവത്തിന് നമ്മോടുള്ളത് ഒരു ഉടമ്പടിയുടെ ബന്ധമാണ്. സ്വന്തരക്തം കൊണ്ട് നമ്മെ വിലയ്ക്ക് വാങ്ങിയിരിക്കുന്നു. അങ്ങനെ നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെ ദൈവമായ കർത്താവിങ്കലേയ്ക്ക് തിരിഞ്ഞ് പ്രാർ ത്ഥിക്കുന്നുണ്ടോ? എത്ര ശ്രേഷ്ഠമാണ് ആ ബന്ധം.

**ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള ഉറപ്പ്**

ദാനിയേൽ ദൈവുമായി ഉടമ്പടിയുടെ ബന്ധം മാത്രമല്ല, ദൈവത്തിന്റെ സ്വഭാവത്തെ സംബന്ധിച്ച് നല്ല ഉറപ്പുണ്ട്. താൻ പ്രാർത്ഥിക്കുന്നത് “എന്റെ കർത്താവയ യോഹവയോട് ഞാൻ പ്രാർത്ഥിച്ച് ഏറ്റു പറഞ്ഞത് എന്തെന്നാൽ തന്നെ സ്നേഹിക്കുന്നവർ ക്കും തന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കും നിയമവും ദയയും പരിപാലിക്കുന്നവനായി മഹാനും ഭയങ്കരനുമായ ദൈവമായ കർത്താവേ... (ദാനി. 9:4). ദാനിയേലിന് ദൈവത്തിന്റെ വിശ്വസ്തതയെ സംബന്ധിച്ച് ഉറപ്പുണ്ടായിരുന്നു. തന്റെ ജീവിതത്തെ സൂക്ഷിച്ചുകൊണ്ട് രാജഭോജനം നിഷേധിക്കുമ്പോൾ ദൈവം തനിക്കു വിശ്വസ്തനായിരുന്നു. ചില വർഷങ്ങളിലെ പരിശീലനത്തിനുശേഷം മറ്റുള്ളവരെക്കാൾ വിശിഷ്ടനായി വിളങ്ങി. ദൈവം തനിക്കു വിശ്വസ്തനായിരുന്നു. നെബുഖദ്നേസർ സ്വപ്നം കണ്ടു. അത് വ്യാഖ്യാനിക്കുവാൻ രാജാവിന്റെ വിദ്വാൻമാർക്ക് കഴിഞ്ഞില്ല. എന്നാൽ ബാബിലോണിലുള്ള സകല വിദ്വാൻമാരെയും കൊന്നുകളയുവാൻ നെബുഖദ്നേസർ കല്പനയിട്ടു. ദാനിയേൽ രാജാവിനോട് സമയം ചോദിച്ചു. തന്റെ സഹോദരന്മാരോട് പ്രാർത്ഥനയ്ക്കായി അപേക്ഷിച്ചു. ദാനിയേൽ സ്വപ്നം വെളിപ്പെടുത്തി, അതിന്റെ അർത്ഥവും ബോധിപ്പിച്ചു. ബാബിലോണിലെ സകല വിദ്വാൻ മാരും അതു മുഖാന്തരം രക്ഷപ്പെടുവാനിടയായി. ദാനിയേൽ രാജ്യത്തിലെ രണ്ടാമനായി നിയമിക്കപ്പെട്ടു. ദൈവം തനിക്കു വിശ്വസ്തനായിരുന്നു.

ദാനിയേൽ 6-ാം അദ്ധ്യായത്തിൽ ദാര്യവേശ് ദാനിയേലിനെ സകല സംസ്ഥാനങ്ങൾക്കും മീതെ അധികാരപ്പെടുത്തുവാൻ തീരുമാനിച്ചു. ഉദ്യോഗസ്ഥവൃന്ദം തനിക്കെതിരേ കൂട്ടുകെട്ടുണ്ടാക്കി തന്നെ കൊല്ലുവാൻ പദ്ധതിയൊരുക്കി. അതിന് കാരണം മൂന്നു പ്രാവശ്യം ദാനിയേൽ പ്രാർത്ഥിച്ച് സർവ്വശക്തനായവന് സ്തോത്രം ചെയ്യുകയാണ്. അതുകൊണ്ട് രാജാവ് തന്നെയല്ലാതെ മറ്റാരെയും ആരാധിക്കാൻ പാടില്ലായെന്ന് നിയമമുണ്ടാക്കുവാൻ നിർബ്ബന്ധിതമായി. എന്നാൽ ദാനിയേലിന്റെ പ്രാർത്ഥനയ്ക്ക് മുടക്കം വന്നില്ല. അങ്ങനെ ദാനിയേൽ സിംഹത്തിന്റെ ഗുഹയിൽ എറിയപ്പെട്ടു. അടുത്ത പ്രഭാതത്തിൽ രാജാവ് സിംഹഗുഹയുടെ സമീപ വന്ന് വിളിച്ചു. “ ജീവനുള്ള ദൈവത്തിന്റെ ദാസനായ ദാനിയേലേ നീ ഇടവിടാതെ സേവിച്ചു വരുന്ന നിന്റെ ദൈവം സിംഹങ്ങളിൽ നിന്നും നിന്നെ രക്ഷിക്കുവാൻ പ്രാപ്തനായോ എന്ന് ചോദിച്ചു ” (ദാനി. 6:20). ദാനിയേൽ പറഞ്ഞത്. “രാജാവ് ദീർഘായുസ്സായിരിക്കട്ടെ എന്റെ ദൈവം തന്റെ ദൂതനെ അയച്ച് സിംഹത്തിന്റെ വായ് അടച്ചു കളഞ്ഞു ” (വാക്യം 21,22). ദൈവം വിശ്വസ്തൻ, ദാനിയേൽ ആരാധിക്കന്ന ദൈവത്തെ അറിഞ്ഞത്, തന്റെ തിരുവെഴുത്തുകളിലൂടെ മാത്രമല്ല, തന്റെ ജീവിതാനുഭവങ്ങളിലൂടെയും കൂടിയാണ്. എന്നെ ശ്രദ്ധിക്കു, ദാനിയേലിന് ദൈവം വിശ്വസ്തനായിരിക്കന്നതുപോലെ അവിടുന്ന് നമുക്കു വിശ്വസ്തനാണ്. അവിടുന്ന് എനിക്ക് വിശ്വസ്തനാണ്. ദൈവം നിങ്ങൾക്കു വിശ്വസ്തനായിരുന്നു. ദൈവം വിശ്വസ്തനാണ്. ദൈവം അമേരിയ്ക്കക്കും വിശ്വസ്തനാണ്. ദൈവം തന്റെ വാഗ്ദത്തങ്ങളിൽ വിശ്വസ്തനായിരിക്കുന്നു. ന്യായവിധിയിലും ദൈവം വിശ്വസ്തനാണ്. ദൈവം താൻ ആരായിരിക്കുന്നു എന്നതിലും വിശ്വസ്തനാണ്.

(ശേഷം അടുത്ത ലക്കം)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975